കോഴിക്കോട് ജില്ലയിലെ മിച്ചഭൂമി

818 [1790] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ മിച്ചഭൂമിയായി സർക്കാർഏറ്റെടുത്ത എത്ര ഏക്കർ ഭൂമി ഇപ്പോഴും വിതരണം ചെയ്യാൻ ബാക്കി ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) വിതരണം ചെയ്യാൻ ബാക്കിയുള്ള ഭൂമി രണ്ടു മാസത്തിനകം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 30-6-1986 വരെ സർക്കാർ ഏറ്റെടുത്ത 3922 ഏക്കർ മിച്ചഭൂമിയിൽ 2052 ഏക്കർ മിച്ചഭൂമി വിതരണം ചെയ്യുകയും 541 ഏക്കർ പൊതു ആവശ്യങ്ങൾക്കായി നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 629 ഏക്കർ ഭൂമിയിൽ 627 ഏക്കർ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ്, നിക്ഷിപ്ത വനഭൂമിയിൽ ഉൾപ്പെടുക, താലൂക്ക് ലാൻഡ് ബോർഡുകളുടെ പുതുക്കിയ ഉത്തരവ് വേണ്ടിവരിക മുതലായ കാരണങ്ങളാൽ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. വിതരണയോഗ്യമായ 2 ഏക്കർ ഭൂമി ബാക്കിയുണ്ട്.

(ബി) രണ്ടുമാസത്തിനുള്ളിൽ ബാക്കിയുള്ള മുഴുവൻ ഭൂമിയും വിതരണം ചെയ്യുക പ്രായോഗികമല്ല.

ഭരതന്നൂർ കല്ലുമലയിലെ ഭൂമി പതിച്ചുകൊടുക്കുവാൻ നടപടി

819 [1792] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ പാങ്ങോട് വില്ലേജിൽ ഭരതന്നൂർ കല്ലുമലയിലെ 32 കുടുബങ്ങൾ കഴിഞ്ഞ 25 കൊല്ലമായി കൈവശം വച്ചനുഭവിച്ചുപോരുന്ന ഭൂമി പതിച്ചുകൊടുക്കുന്ന നടപടി ഏതു വരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ത്വരിതപ്പെടുത്താൻ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ), (ബി) ഭരതന്നൂർ കല്ലുമല പി. ഡബ്ലിയു. ഡി. പാറപുറമ്പോക്കാണ്. ആയതിനാൽ അവിടെ താമസിക്കുന്ന കുടുംബങ്ങൾക്ക് അവരുടെ കൈവശഭൂമി പതിച്ചുകൊടുക്കുന്നതിനെപ്പറ്റി പൊതുമരാമത്തുവകുപ്പിന്റെ അഭിപ്രായം ജില്ലാകളക്ടർ ആരാഞ്ഞിട്ടുണ്ട്.

ശ്രീപാദം പുതുവൽഭൂമി പതിച്ചുകൊടുക്കുന്ന നടപടി

820 [1793] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീപാദം പുതുവൽ ഭൂമി എത്ര ഹെക്ടർ ഉണ്ടെന്നും അവ എത്ര കുടുംബങ്ങളുടെ കൈവശത്തിലാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly